# 13.06.2016ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 13.06.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പര് | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | കെ.വി. രാജസുലോചന | 6 |
| 5 | ചന്ദ്രിക.കെ | 7 |
| 6 | ടി.വി. മുംതാസ് | 8 |
| 7 | പി. റംല ടീച്ചർ | 9 |
| 8 | അലവി തൈക്കാട്ട് | 10 |
| 9 | ടി.പി. സുബൈർ | 11 |
| 10 | അബ്ദുൾ റഹീം (നാണി) | 12 |
| 11 | ടി.വി. സുലൈഖബി | 13 |
| 12 | കെ.കെ. നാസർ | 14 |
| 13 | ജമീല അബു | 15 |
| 14 | റംല കറുത്തേടത്ത് | 16 |
| 15 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 16 | നന്ദകുമാർ പള്ള്യാൽ | 18 |
| 17 | അബ്ദുറഹ്മാൻ.കെ.വി. | 19 |
| 18 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 19 | വേളക്കാടൻ ലൈല റഷീദ് | 21 |
| 20 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 21 | കെ. ഗിരിജ | 23 |
| 22 | സൈതലവി | 24 |
| 23 | അമരിയിൽ ആഷിത റസാഖ് | 25 |
| 24 | ജിനി | 26 |
| 25 | അബ്ദുള്ളകുട്ടി | 28 |
| 26 | അഹമ്മദ് മണ്ടായപ്പുറം | 29 |
| 27 | കെ. കമലാക്ഷി | 30 |
| 28 | സാജിദ് മങ്ങാട്ടിൽ | 31 |
| 29 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ എന്നിവർ പങ്കെടുത്തു.

കോട്ടക്കൽ കോട്ടപടിയിലെ ക്ഷേത്രകുളത്തിൽവെച്ച് മുങ്ങിമരിച്ച കോട്ടക്കൽ ആര്യവൈദ്യശാല നാട്യ സംഘത്തിലെ വിദ്യാർത്ഥിയായിരുന്ന സജീഷ് കുമാർ, ഗുരുവായൂർ ദേവസ്വം ക്വാർട്ടേഴ്സ്, താമരിയൂർ എന്നവരുടെ നിര്യാണത്തിലും, കോട്ടക്കൽ പാലത്തറയിൽ കിണർ വൃത്തിയാക്കുന്നതിന്റെ ഇടയിൽ സംഭവിച്ച അപകടത്തിൽ ശ്വാസം കിട്ടാതെ മരണപ്പെട്ട ശ്രീ. ഷറഫുദ്ദീൻ, തെക്കെകുളമ്പ്, പറപ്പൂർ

എന്നവരുടെയും, രക്ഷപ്രവർത്തനത്തിനിടയിൽ മരണപ്പെട്ട ശ്രീ. ഷാഹിദ് മണ്ടായപ്പുറം, പുലിക്കോട് എന്നിവരുടെയും നിര്യാണത്തിൽ കൗൺസിൽ അനുശോചനം രേഖപ്പെടുത്തി. പ്രസ്തുത കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് കൗൺസിൽ ഐക്യകണ്ഠേന ആവശ്യപ്പെട്ടു.

തുടർന്ന് അജണ്ടകൾ ചർച്ച ചെയ്ത് താഴെ പറയുന്ന തീരുമാനം എടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. G2-9275/16

ഫിഷറീസ് മത്സ്യ സമൃദ്ധി II (2015-2018) പദ്ധതിയുടെ അക്വാ കൾച്ചർ കോ-ഓർഡിനേറ്ററെ നിയമിക്കുന്നതിന് നഗരസഭയിൽ നിന്നും 3 പേരുടെ ലിസ്റ്റ് കൗൺസിൽ ശുപാർശയോടു കൂടി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 6/6/2016ലെ ജി-2309/15 നമ്പർ കത്ത് കൗൺസിൽ മുമ്പാകെ.

**കുറിപ്പ്:** ഫിഷറീസ് ഡയറക്ടറുടെ കാര്യാലയത്തിലെ 11/06/2015ലെ എം.എസ്.11/123/15 നമ്പർ കത്ത് പ്രകാരം 20 മത്സ്യ കർഷകർ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകമായി അക്വാകൾച്ചർ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തേണ്ടതില്ല.

**തീരുമാനം**

ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചെയർമാനെ ചുമതലപ്പെടുത്തി.

## 2. G2-1622/16

നഗരസഭയിലെ ഉദ്യാനപാതയുടെ ഉദ്ഘാടത്തിന് ബഹു. നഗരകാര്യ വകുപ്പു മന്ത്രി പങ്കെടുത്ത ചടങ്ങിന്റെ സംഘാടന ചെലവ് 25000/-രൂപ ശ്രീ. നൗഷാദ് ബാബു, റെയിൻബോ ഡെക്കറേഷൻ എന്നവർക്ക് അനുവദിക്കുന്നതിന് ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകിയ വിഷയം കൗൺസിൽ സാധൂകരണത്തനായി.

**തീരുമാനം**

അംഗീകരിച്ചു.

## 3. G2-4875/16

നഗരസഭയിലെ വാർഡ് സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക അനുവദിക്കുന്നതിന് വിവിധ വാർഡ് കൗൺസിലർമാർ സമർപ്പിച്ച അപേക്ഷകൾ കൗൺസിൽ മുമ്പാകെ

**കുറിപ്പ്:** തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25/06/2014ലെ സ.ഉ.(എം.എസ്) നം. 112/2014/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം വാർഡ് കേന്ദ്രത്തിന്റെ വാടക, സ്റ്റേഷണറി ചെലവ്, യോഗ നടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000/-രൂപ വരെ വികസന/തനത് ഫണ്ടിൽ നിന്നും ചെലവാക്കാവുന്നാണ്.

**തീരുമാനം**

വാടക നിശ്ചയിക്കുന്നതിന് നഗരസഭ എഞ്ചിനീയറെ ചുമതലപ്പെടുത്തുവാനും, സർക്കാർ ഉത്തരവിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

## 4. R4-12990/11

സംഗീത് മൂവീസിന്റെ ET കോമ്പൗണ്ടിംഗ് കാലാവധി 25.07.2016ന് തീരുകയാണെന്നും ആയത് നിലവിലുള്ള നിരക്കിൽ 3 മാസത്തേയ്ക്ക് കോമ്പൗണ്ട് ചെയ്ത് തരണമെന്ന സംഗീത് മൂവീസിന്റെ 6/6/2016ലെ അപേക്ഷ കൗൺസിൽ അംഗീകാരത്തിനായി.

**കുറിപ്പ്:** നിലവിലുള്ള കോമ്പൗണ്ടിംഗ് തുക 66371/- രൂപയാണ്.

**<u>തീരുമാനം</u>**

നിലവിലുള്ള നിരക്കിൽ തന്നെ വിനോദ നികുതി 26.07.2016 മുതൽ 3 മാസത്തേയ്ക്ക് കോമ്പൗണ്ട് ചെയ്ത് അനുവദിക്കുവാൻ തീരുമാനിച്ചു.

## 5. R3-1782/16

2016-17 വർഷത്തേക്ക് നഗരസഭയുടെ വസ്തു വഹകളുടെ ലേലത്തിൽ പരസ്യ നികുതി, ബസ്സ്റ്റാന്റ് ഫീ കളക്ഷൻ എന്നിവകളുടെ ലേലം വിളിച്ചെടുത്ത യഥാക്രമം ശ്രീ. റഷീദ് വടക്കൻ, ശ്രീ. കരിമ്പനക്കൽ മൊയ്തീൻ ഷാ എന്നവർ ലേല തുകയുടെ 1/3 ആയ 43,500/-, 2,58,000/- എന്നിവ അടവാക്കിയിട്ടുണ്ട്. ബാക്കി തുകകൾ ആറ് ഗഡുക്കളായി അടവാക്കാൻ അനുവദിക്കണമെന്ന 7554/16, 8502/16 നമ്പർ അപേക്ഷകൾ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) പരസ്യ നികുതി ശ്രീ. വടക്കൻ റഷീദ് എന്നവർ 1,30,000/-രൂപയ്ക്കാണ് വിളിച്ചെടുത്തത്.

2) ബസ് സ്റ്റാന്റ് ഫീ 7,76,000/-രൂപയ്ക്കാണ് ശ്രീ. കരിമ്പനക്കൽ മൊയ്തീൻ ഷാ എന്നവർ ലേലം വിളിച്ചത്.

**<u>തീരുമാനം</u>**

4 ഗഡുക്കളായി അടവാക്കാൻ അനുമതി നൽകി.

## 6. PW2-10504/15

കോട്ടക്കൽ നഗരസഭയിലെ CFL തെരുവ് വിളക്കുകളും SVL തെരുവ് വിളക്കുകളും AMC അടിസ്ഥാനത്തിൽ റിപ്പയർ ചെയ്യുന്നതിനായി M/s. ക്രൂസ് എന്ന സ്ഥാപനത്തിന് നൽകാൻ തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ ക്രൂസിന്റെ നിരക്കുകൾ വളരെ കൂടുതലായതിനാൽ ബഹു. നഗരസഭാ ചെയർമാൻ ടി നിരക്ക് കുറക്കുന്നതിന് വേണ്ടി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ M/s ക്രൂസ് എന്ന സ്ഥാപനം CFL ഒന്നിന് 450രൂപ+സേവന നികുതിയും, SVL ഒന്നിന് 2098/-രൂപ+സേവന നികുതിയുമായി കുറവ് ചെയ്ത് അറിയിച്ചിട്ടുള്ള കത്തും ക്രൂസുമായി എഗ്രിമെന്റ് വെക്കുന്ന വിഷയവും കൗൺസിൽ പരിഗണനയ്ക്ക്.

**<u>തീരുമാനം</u>**

ഇതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ഇപ്പോൾ കാണിച്ചിട്ടുള്ള നിരക്കും വളരെ കൂടുതലാണെന്നും ക്രൂസ് എന്ന സ്ഥാപനത്തെ ഒഴിവാക്കികൊണ്ട് 2 ദിവസത്തിനകം ഒരു സർക്കാർ ഉത്തരവ് വരാൻ സാധ്യത ഉണ്ടെന്നും ആയതിനാൽ 10 ദിവസം വരെ തുടർ നടപടികൾക്കായി കാത്തു നിൽക്കണമെന്നും കൗൺസിലർ ശ്രീ. ടി.പി. സുബൈർ ആവശ്യപ്പെട്ടു.

നിരവധി തവണ നിരക്ക് കുറയ്ക്കുന്നതിന് നഗരസഭ ശ്രമിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ ക്രൂസ് എന്ന സ്ഥാപനം നിരക്ക് കുറച്ചിട്ടുള്ളതുമാണെന്നും മുൻ കൗൺസിൽ തീരുമാന പ്രകാരം എഗ്രിമെന്റ് വെയ്ക്കുന്നതിന് ഇലക്ഷൻ കമ്മിഷൻ അനുമതി നൽകിയിരുന്നുവെങ്കിലും വീണ്ടും നിരക്ക് കുറയ്ക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ടി സ്ഥാപനം വീണ്ടും നിരക്ക് കുറച്ചിട്ടുള്ളതെന്നും ആയതിനാൽ ഇനിയും എഗ്രിമെന്റ് വെയ്ക്കാതെ ഇത് നീട്ടികൊണ്ടുപോകുന്നത് തികച്ചും അനുചിതമാണെന്നും ഇപ്പോൾ കാണിച്ച നിരക്ക് പ്രകാരം എഗ്രിമെന്റ് വെയ്ക്കണമെന്നും കൗൺസിലർ ശ്രീ. അഹമ്മദ് മണ്ടായപ്പുറം ആവശ്യപ്പെട്ടു.

ചർച്ചയിൽ കൗൺസിലർമാരായ ശ്രീ. കെ.വി. അബ്ദുറഹ്മാൻ, ശ്രീ. നാസർ തിരുനിലത്ത്, ശ്രീ. സുലൈമാൻ പാറമ്മൽ, ശ്രീ. അബ്ദുറഹീം, ശ്രീ. അബ്ദുള്ളക്കുട്ടി എന്നിവർ പങ്കെടുത്തു.

ഇതുസംബന്ധിച്ച് നഗരസഭ ചെയർമാൻ മറുപടി നൽകി. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് കാലത്ത് തെരഞ്ഞെടുപ്പു കമ്മിഷൻ 19.03.2016ലെ കൗൺസിൽ തീരുമാന പ്രകാരം ക്രൂസുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ഒരിക്കൽ കൂടി നിരക്ക് കുറയ്ക്കുന്നതിന് ശ്രമം നടത്തുകയും അതിന്റെ ഫലമായി അവർ നിരക്ക് കുറവ് ചെയ്ത് അയച്ചുതന്നിട്ടുള്ളത്. ആയതിനാൽ 450രൂപ+സേവന നികുതിയും, SVL ഒന്നിന് 2098/-രൂപ+സേവന നികുതിയുമായി കുറവ് ചെയ്ത നിരക്ക് അംഗീകരിക്കണമെന്നും കൗൺസിലർ ശ്രീ. ടി.പി. സുബൈർ ആവശ്യപ്പെട്ടത് പ്രകാരം 10 ദിവസത്തെ സമയം അനുവദിച്ചതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടു.

തുടർന്ന് 450രൂപ+സേവന നികുതിയും, SVL ഒന്നിന് 2098/-രൂപ+സേവന നികുതിയുമായി കുറവ് ചെയ്ത് നിരക്ക് അംഗീകരിച്ചു. കൂടാതെ താഴെ പറയുന്ന കരാർ ഉടമ്പടി വ്യവസ്ഥകളും അംഗീകരിച്ചു. 24.06.2016ന് മുമ്പ് ക്രൂസിനെ ഒഴിവാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കാത്തപക്ഷം ക്രൂസുമായി പ്രസ്തുത വ്യവസ്ഥകൾ പ്രകാരം എഗ്രിമെന്റ് വെയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും ക്രൂസുമായി ചർച്ച ചെയ്ത് കരാർ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെയർമാനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്താനും തീരുമാനിച്ചു. 24.06.2016ന് മുമ്പ് ഉത്തരവ് ലഭിക്കുകയാണെങ്കിൽ ആയതിന് വിധേയമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

**വ്യവസ്ഥകൾ**

ഒന്നാം കക്ഷി – ക്രൂസ് രണ്ടാം കക്ഷി – നഗരസഭ സെക്രട്ടറി.

1) കോട്ടക്കൽ നഗരസഭയിലെ 5734 സി.എഫ്.എൽ തെരുവ് വിളക്കുകളും 136 എസ്.വി.എൽ തെരുവ് വിളക്കുകളും എ.എം.സി അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്യുന്നതിന് രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് രേഖാമൂലം വർക്ക് ഓർഡർ നൽകേണ്ടതാണ്.

2) മേൽ തെരുവ് വിളക്കുകൾ സി.എഫ് .എൽ 1 ന് 450രൂപ+സേവന നികുതിയും എസ്.വി.എൽ 1ന് 2098 രൂപ+സേവന നികുതിയും രണ്ടാം കക്ഷി അംഗീകരിച്ചിട്ടുള്ളതാണ്.

3) റിപ്പയർ ചെയ്യേണ്ടതായ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണവും സ്ഥാനവും ഇനവും ഈ കരാർ ഉടമ്പടിയുടെ ഭാഗമായി രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് രേഖാമൂലം നൽകുന്നതും പ്രസ്തുത ലിസ്റ്റ് ഈ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതുമാണ്.

4) മേൽ പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തി മാത്രമെ ഒന്നാം കക്ഷി ഏറ്റെടുത്ത് നടത്തുകയുള്ളു. പ്രസ്തുത തെരുവ് വിളക്കുകൾക്ക് 1 വർഷ കാലയളവിലുണ്ടാകുന്ന തകരാറുകൾ ഒന്നാം കക്ഷിയുടെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്.

5) തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ അനുമതി കെ.എസ്.ഇ.ബിയിൽ നിന്നും രണ്ടാം കക്ഷി വാങ്ങി നൽകേണ്ടതാണ്ട്.

6) ഇന്നു മുതൽ .(.................തിയതി).................വരെയാണ് ഈ കരാറിന്റെ കാലാവധി.

7) സി.എഫ് എൽ, എസ്.വി.എൽ എന്നിവ റിപ്പയർ ചെയ്യുന്നതിന് നഗരസഭയിൽ നിന്നും യാതൊരുവിധ മെറ്റീരിയൽസും സ്പെയർപാർട്സും ലഭിക്കുന്നതല്ല.

8) ആവശ്യമായ സ്പെയർപാർട്സും / മെറ്റീരിയൽസ് എന്നിവ ഒന്നാം കക്ഷി വാങ്ങി ഉപയോഗിക്കേണ്ടതാണ്.

9) വാങ്ങുന്ന മെറ്റീരിയൽസ്, സ്പെയർപാർടുസുകൾ ഐ.എസ്.ഐ ഗുണമേന്മയുള്ളതായിരിക്കണം

10) ലൈറ്റുകൾ, ഔട്ടർബോഡി, ഫ്രെയിം ഗ്ലാസ് എന്നിവ റിപ്പയർ ചെയ്യേണ്ടിവരികയോ മാറ്റിസ്ഥാപിക്കേണ്ടി വരികയോ ചെയ്യേണ്ടിവന്നാൽ അപ്രകാരം ചെയ്തിരിക്കണ്ടതാണ്.

11) ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഇലക്ട്രിക് പോസ്റ്റുകളിൽ കയറുന്നതിന് മുമ്പായി കെ.എസ്.ഇ.ബി അധികൃതരുമായി ബന്ധപ്പെടേണ്ടതും വൈദ്യുതി ബന്ധം വിച്ഛേദിപ്പിച്ചിരിക്കേണ്ടതുമാണ്. ഇലക്ട്രിക് പോസ്റ്റുകളിൽ കയറുമ്പോൾ അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ ഒന്നാം കക്ഷി സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്തിരിക്കേണ്ടതാണ്. എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുന്നപക്ഷം ആയതിന് ഒന്നാം കക്ഷി പരിപൂർണ്ണ ഉത്തരവാദിയായിരുക്കുന്നതാണ്. ഇക്കാര്യത്തിൽ നഗരസഭയ്ക്ക് യാതൊരു ബാധ്യതയും ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

12) 32 വാർഡുകളിൽ നിലവിലൽ കേടായി കിടക്കുന്ന ലൈറ്റുകൾ റിപ്പയർ പ്രവർത്തികൾ കരാർ തിയതി മുതൽ 21 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതും പിന്നീടുള്ള റിപ്പയർ പ്രവർത്തികൾ നഗരസഭ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പരാതി പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പരാതികൾ പരിശോധിച്ച് 48 മണിക്കൂറിനുള്ളിൽ പരിഹരിക്കേണ്ടതും പരിഹരിച്ച വിവരം ബന്ധപ്പെട്ട വാർഡ് കൗൺസിലർ/പബ്ലിക് വർക്സ് ഓവർസീയർ/ മുനിസിപ്പൽ എഞ്ചിനീയർ എന്നിവരെ ബോധ്യപ്പെടുത്തി സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

13) സാക്ഷ്യപത്രം മാസം തോറും സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് തുക അനുവദിക്കുന്നതുമാണ്.

14) ഒരു ലൈറ്റ് എത്ര പ്രാവശ്യം കേടുവന്നാലും ആയത് അത്രയും തവണ റിപ്പയർ ചെയ്യേണ്ടതാണ്ട്.

15) എഗ്രിമെന്റ് കാലാവുധിക്കുള്ളിൽ വരുന്ന റിപ്പയർ പ്രവർത്തികൾ കാലാവധി കഴിഞ്ഞാലും പൂർത്തീകരിക്കേണ്ടതാണ്.

16) കേടുവന്ന ലൈറ്റുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പയർ ചെയ്യാതിരിക്കുകയോ ചെയ്യാതിരിക്കുന്നതിന് തക്കതായ കാരണം രേഖാമൂലം അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം കൗൺസിൽ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഒന്നാം കക്ഷി നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

17) കേടുവന്ന ലൈറ്റ് യൂണിറ്റ് മൊത്തം മാറ്റേണ്ടി വന്നാൽ നിലവിലുള്ള ലൈറ്റിന്റെ സ്പെസിഫിക്കേഷൻ ഉള്ള ലൈറ്റ് നഗരസഭ എഞ്ചിനീയറെ ബോധ്യപ്പെടുത്തി സ്ഥാപിക്കേണ്ടതാണ്.

18) ഈ എഗ്രിമെന്റിൽ എന്തുതന്നെ നിബന്ധനകൾ അടങ്ങിയിരുന്നാലും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട സർക്കാറിന്റെ ഏതൊരു നിർദ്ദേശവും പാലിക്കേണ്ടതും അതിനുവിധേയമായി ഭേദഗതികൾ വരുത്തുന്നതുമാണ്.

## 7. PW2-1671/16

കോട്ടക്കൽ നഗരസഭയിലെ വാർഡ് 20ൽപ്പെട്ട വടക്കേകര പാടം റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തിക്ക് 30/7/2015 തീയതിയിലെ 17(2) 30-ാം നമ്പറായി 500000/-രൂപ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ടി റോഡിന്റെ പേര് മരവട്ടം കടകുളം റോഡ് എന്നാക്കി മാറ്റുന്നതിന് കൗൺസിലർ ശ്രീമതി. പുത്തൻ പീടിയേക്കൽ ആയിഷ ഉമ്മർ എന്നവർ സമർപ്പിച്ച അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

### തീരുമാനം

അംഗീകരിച്ചു.

## 8. PW3-8208/16

ചീനംപുത്തൂർ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 8400/-രൂപ K.S.E.B.യിൽ അടവാക്കുന്നതിന് ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകിയ നടപടി കൗൺസിൽ അംഗീകാരത്തിന്

**കുറിപ്പ്:** 8400/- രൂപയുടെ ചെക്ക് 11/05/2016ന് KSEBയ്ക്ക് നൽകിയിട്ടുണ്ട്.

### തീരുമാനം

അംഗീകരിച്ചു.

## 9. PW3-8792/16

നഗരസഭ കൗൺസിലിന്റെ 30.05.2016ലെ പ്രത്യേക യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം കാവതികളം ബൈപ്പാസിൽ കളിസ്ഥലത്തിനായി നഗരസഭ വാങ്ങിയിട്ടുള്ള സ്ഥലത്ത് കൃഷി ആവശ്യത്തിനും കുടിവെള്ള വിതരണത്തിനും കുളം/കിണർ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും നഗരസഭയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും രൂപീകരിച്ച സബ്കമ്മറ്റിയുടെ ചുമതലകളും അധികാരങ്ങളും നിശ്ചയിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

താഴെ ചേർത്തിട്ടുള്ള സബ്കമ്മറ്റിയുടെ ചുമതലകളും അധികാരങ്ങളും അംഗീകരിച്ചു.

1. നഗരസഭ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തെ കുറിച്ചും കാർഷിക ആവശ്യത്തിനുള്ള ജലസേചനത്തെ കുറിച്ചും പഠിക്കാൻ ആവശ്യമായ സർവ്വെ, മറ്റ് പഠനരീതികൾ ആവിഷ്കരിക്കുക.

2. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ആവശ്യമായ ബദൽ നിർദ്ദേശങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുക.

3. ബദൽ നിർദ്ദേശങ്ങൾക്ക് കൗൺസിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഏറ്റവും അനുയോജ്യമായ പദ്ധതിക്ക് ആവശ്യമായ DPR തയ്യാറാക്കുക.

4. DPR ന് ആവശ്യമായ സാങ്കേതിക നിർവ്വഹണ അനുമതികൾ നേടിയെടുക്കുക.

5. പദ്ധതിക്ക് ആദ്യം മുതൽ അവസാനം വരെയുള്ള മുഴുവൻ നിർവ്വഹണ ഘട്ടങ്ങളിലും മോണിറ്ററിംഗ് നടത്തുക.

6. ഇവർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യവും മുൻസിപാലിറ്റി ഏർപ്പെടുത്തുന്നതാണ്.

**10. PW2-7310/16**

കോട്ടക്കൽ നഗരസഭ വക സി.എച്ച് ഓഡിറ്റോറിയം നിത്യേന പരിപാലിക്കുന്നതിന് ഒരാളെ കെയർ ടേക്കറായി നിയോഗിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** പ്രതിമാസം 4000/-രൂപ ഓണറേറിയം നിശ്ചയിക്കാവുന്നതാണ്.

**തീരുമാനം**

ആവശ്യമായ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

11. 2016-17 വാർഷിക പദ്ധതി സംബന്ധിച്ച്.

**തീരുമാനം**

25.06.2016ന് 10.30 മണിക്ക് സി.എച്ച്. ഓഡിറ്റോറിയത്തിൽ വെച്ച് വികസന സെമിനാർ നടത്തുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

12. സെക്രട്ടറിയുടെ കുറിപ്പ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി, വീടുനിർമ്മിക്കുമ്പോൾ കിണർ റീചാർജ്ജിങ് മുതലായ കുടിവെള്ള, മഴവെള്ള സംഭരണ സംവിധാനങ്ങൽ ഒരുക്കുന്ന വീടുകൾക്ക് നഗരസഭാ സേവനങ്ങളിൽ മുൻഗണന/ഇളവുകൾ നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

ആവശ്യമായ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

13. സെക്രട്ടറിയുടെ കുറിപ്പ്.

നിലവിൽ സി.എച്ച്. ഓഡിറ്റോറിയത്തിനു സമീപം പ്രവർത്തിക്കുന്ന ഇൻസിനറേറ്റർ, മരവട്ടം മയിലാടി SWM പരിസരത്തേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്.

**തീരുമാനം**

ആവശ്യമായ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**14 H1-6983/16**

കോട്ടക്കൽ നഗരസഭയിലെ 25/222 സി നമ്പർ കെട്ടിടത്തിൽ 25 HP മോട്ടോർ സ്ഥാപിച്ച് ഫർണിച്ചർ നിർമ്മാണം നടത്തുന്നതിന് ശ്രീ. അടാട്ടിൽ കുഞ്ഞിപ്പോക്കർ, പറപ്പൂർ. പി.ഒ., എന്നവർ അപേക്ഷിച്ചിട്ടുണ്ട് വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:1)** PCB യിൽ നിന്നുള്ള കൺസെന്റ്, സൈറ്റ് പ്ലാൻ എന്നിവ ഹാജരാക്കിയിട്ടുണ്ട്.

2) ശ്രീ. കുഞ്ഞിപ്പോക്കർ അടാട്ടിൽ എന്നവർക്ക് 20/4/2016 ലെ H1-6983/16 നമ്പർ നോട്ടീസ് പ്രകാരം അപകാതകൾ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകുകയും ടിയാൻ ആയതിന് 24/5/2016ന് മറുപടി നൽകിയിട്ടുള്ളതുമാണ്.

**തീരുമാനം**

അംഗീകരിച്ചു.

**(യോഗം 1.00 മണിക്ക് അവസാനിച്ചു).**

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**